"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ശുചിത്വ സാഗരം, സുന്ദര തീരം പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.271/2022/F&P    തീയതി,തിരുവനന്തപുരം, 04-05-2022

---

പരാമർശം:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 17/03/2022 ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്.
2. ഫിഷറീസ് ഡയറക്ടറുടെ 30.03.2022 ലെ DFTVM/865/2022-G2 നമ്പർ കത്ത്.

**ഉത്തരവ്**

കടൽത്തീര ശുചീകരണം, ശുചിത്വസാഗരം പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 17/03/2022 ന് ചേർന്ന യോഗത്തിൽ, കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനു മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയുണ്ടായി.

2. സാധ്യമായ എല്ലാ മാർഗങ്ങളുമുപയോഗിച്ചുള്ള ബോധവത്കരണം, പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവും, തുടർ ക്യാമ്പയിൻ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായിട്ടാണ് ഈ പരിപാടി സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നത് എന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്യുകയും, ശുചിത്വ സാഗരം - സുന്ദര തീരം പദ്ധതിയുടെ പ്രൊപോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ സാഗരം - സുന്ദരതീരം പദ്ധതിയുടെ അനുബന്ധം പ്രകാരമുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHEESH S DHARAN
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

മാനേജിംങ് ഡയറക്ടർ, മത്സ്യഫെഡ്
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
മാനേജിംങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ഡയറക്ടർ, MPEDA
എക്സിക്യൂട്ടീവ് ഡയറക്ടർ, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സ്റ്റേറ്റ് ഓഫീസർ, നാഷണൽ സർവ്വീസ് സ്കീം
സ്റ്റേറ്റ് ഡയറക്ടർ, നെഹ്റു യുവ കേന്ദ്ര
വൈസ് ചെയർമാൻ, കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്
പ്രസിഡന്റ്, കേരള ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്സ് ചേംബർ
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ, കേരള
പ്രസിഡന്റ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്
മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി. എ. യ്ക്ക്
മത്സ്യബന്ധന വകുപ്പ് അണ്ടർ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ്
പരിസ്ഥിതി വകുപ്പ്
ടൂറിസം വകുപ്പ്